**തിരുവനന്തപുരം ജില്ലാ ദുരന്ത നിവാരണ അതോറിട്ടി ചെയർപേഴ്സൺ & ജില്ലാ കളക്ടറുടെ നടപടിക്രമം**

(ഹാജർ: ഡോ.കെ.വാസുകി, ഐ.എ.എസ്.)

എച്ച്.1/14194/2018 തീയതി 18.08.2018

വിഷയം : കാലവർഷക്കെടുതി 2018- ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിക്കുന്നതിന് എല്ലാ സർക്കാർ കാര്യാലയങ്ങളും 19.08.2018 ന് പ്രവർത്തി ദിവസമാക്കി ഉത്തരവാകുന്നു.

കാലവർഷക്കെടുതി 2018 അതിരൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ പ്രളയബാധിത ജില്ലകളിലെ ദുരിതാശ്വാസ-ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ ഏകോപിപിക്കുന്നതുമായി ബന്ധപ്പെട്ട് ജില്ലയിലെ വിവിധ സർക്കാർ ആഫീസുകളുടെ സേവനം ജില്ലാ ഭരണകൂടത്തിന് മുടക്കം കൂടാതെ ലഭ്യമാക്കേണ്ടത് അത്യാവശ്യമായതിനാൽ ടി കാര്യാലയങ്ങൾ 19.08.2018 ന് തുറന്ന് പ്രവർത്തിക്കേണ്ടതും, ടി കാര്യാലയങ്ങളിലെ ജീവനക്കാർ, ഡ്രൈവർമാർ എന്നിവരുടെ ഹാജർ മേലധികാരികൾ ഉറപ്പുവരുത്തേണ്ടതുമാണെന്ന് ദുരന്തനിവാരണനിയമം 2005, സെക്ഷൻ 34 (എ), (ജെ), (എം) എന്നിവ പ്രകാരം നിർദ്ദേശിച്ച് ഉത്തരവാകുന്നു.

എല്ലാ സർക്കാർ വാഹനങ്ങളും ജീവനക്കാരും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്കായി സജ്ജരായിരിക്കേണ്ടതാണ്. ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിലേക്കായി എല്ലാ വകുപ്പുകളും അവരുടെ കൈവശത്തിലിരിക്കുന്ന വാഹനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു എന്ന് ഉറപ്പ് വരുത്തി, ടി വാഹനങ്ങളുടെ നമ്പർ (ഏതു തരത്തിലുള്ളത്) ,ഡ്രൈവർമാരുടെ മൊബൈൽ ഫോൺ നമ്പർ എന്നിവ 19.08.2018-ാം തീയതി 5 മണിക്ക് മുമ്പായി ജില്ലാ കളക്ട്രേറ്റിൽ നൽകേണ്ടതാണ്. ടി നിർദ്ദേശം പാലിക്കാത്ത പക്ഷം ബന്ധപ്പെട്ടവർക്കെതിരെ ദുരന്തനിവാരണനിയമം 2005, സെക്ഷൻ 56 പ്രകാരം മറ്റ് മുന്നറിയിപ്പ് കൂടാതെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഒപ്പ്/-
**ജില്ലാ കളക്ടർ**

സ്വീകർത്താവ്:

1. **ജില്ലയിലെ എല്ലാ സർക്കാർ ആഫീസുകൾക്കും**
2. **ജില്ലാ ഇൻഫർമേഷൻ ഓഫീസർ, തിരുവനന്തപുരം(മാധ്യമങ്ങൾ/ സമൂഹ മാധ്യമങ്ങൾ – ൽ പ്രസിദ്ധപ്പെടുത്തുന്നതിന്)**
3. **ജില്ലാ കളക്ടർ/ എഡിഎം സിഎയ്ക്ക്**

ഉത്തരവിൻ പ്രകാരം

ജൂനിയർ സൂപ്രണ്ട്

Scanned by CamScanner